(ബി) എത്ര താല്ക്കാലിക ജീവനക്കാരുണ്ട് ;

(സി) ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(ഡി) ഇവരുടെ നിയമന രീതി എന്തായിരുന്നു ;

(ഇ) നിയമനത്തിലെ സംവരണ തത്വം പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ പ്രോജക്ടിൽ സി-ഡിറ്റിൽ നിന്നുള്ള ഒരു സ്ഥിരം ജീവനക്കാരൻ ഉണ്ട്.

(ബി) 43 പേർ

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) സി-ഡിറ്റിൽ താല്ക്കാലികമായി നിയമിച്ചിട്ടുള്ള 10 പേരെ മിഷൻ പ്രവർത്തനത്തിനായി നിയമിച്ചിട്ടുണ്ട്. കൂടാതെ കരാറടിസ്ഥാനത്തിൽ നേരിട്ട് 33 പേരെയും താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്.

(ഇ) സംവരണ തത്വം ബാധകമല്ല.

അനർട്ടിലെ വിവിധ പദ്ധതികൾ

46 (979) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം വ്യാപകമാക്കുന്നതിന് 'അനർട്ട്' എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിന് 'അനർട്ട്' എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിന് കൂടുതൽ സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് കൂടുതൽ ബൾബുകളും സി. എഫ്. ലാമ്പുകളും ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുമോ ;

---

† അനുബന്ധം - XIII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡീസലിന്റെ ഉപയോഗം കുറയ്ക്കുന്നതിന് കൂടുതൽ ഡീസൽ മെനോൾ മിശ്രിതം ഉപയോഗിച്ച് കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓടിക്കാൻ നിർദ്ദേശം നൽകുമോ ;

(എഫ്) ഉപഭോക്താക്കൾക്ക് സൗജന്യനിരക്കിൽ സി. എഫ്. ലാമ്പ്, സൗരോർജ്ജ പമ്പ്, സൗരോർജ്ജ വിളക്ക് എന്നിവ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജമേഖലയിൽ 'അനർട്ട്' താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നുണ്ട് :

1. മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചാരണവും സ്ഥാപനവും.
2. സ്കൂളുകളിലും അംഗനവാടികളിലും ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കൽ.
3. സൂര്യറാന്തലുകളുടെ വിതരണം.
4. സൗരോർജ്ജ തെരുവ് വിളക്കുകളുടെ സ്ഥാപനം.
5. സൗരോർജ്ജ ഗാർഹിക വിളക്കുകളുടെ വിതരണം.
6. ബാറ്ററികൾ ചാർജ്ജ് ചെയ്യുന്നതിനും റേഡിയോ പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗിക്കുന്ന സൗരോർജ്ജ മൊഡ്യൂളുകളുടെ വിതരണം.
7. വെള്ളം ചൂടാക്കുന്നതിനുള്ള സോളാർ വാട്ടർ ഹീറ്ററുകളുടെ പ്രചരണം/സ്ഥാപിക്കൽ.
8. ധാന്യങ്ങളും മറ്റും ഉണക്കുന്നതിന് ഉപയോഗിക്കുന്ന സൗരോർജ്ജ ഡ്രൈയറുകളുടെ വിതരണം.
9. ബാറ്ററികളിലെ ഡിസ്റ്റിൽഡ് വാട്ടർ ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്നതരം സോളാർ സ്റ്റില്ലുകൾ പ്രചരിപ്പിക്കൽ.
10. ഇന്ധനക്ഷമതയുള്ള മണ്ണെണ്ണ സ്റ്റൗകൾ, പ്രഷർ കുക്കറുകൾ തുടങ്ങിയ ഉപകരണങ്ങളുടെ പ്രചരണം.
11. പാരമ്പര്യേതര ഊർജ്ജമേഖലയിൽ തൊഴിൽ പരിശീലനം.
12. ജൈവോർജ്ജ പ്രോജക്ടുകൾ.
13. കാറ്റിൽ നിന്നുള്ള ഊർജ്ജമുപയോഗിച്ചുള്ള വിൻഡ് ജനറേറ്ററുകൾ, വിൻഡ് പമ്പുകൾ തുടങ്ങിയവ പ്രചരിപ്പിക്കൽ.
14. സൗരോർജ്ജ പമ്പുകളുടെ സ്ഥാപനം.
15. മൈക്രോ ഹൈഡൽ പദ്ധതികൾ നടപ്പിലാക്കൽ.
16. സൗരോർജ്ജ പവർ പ്ലാന്റുകളുടെ സ്ഥാപനം.

LIBRARY ARCHIVES,Kerala Legislative Assembly

(ബി) വൈദ്യുതിക്ക് പകരമായി ഉപയോഗിക്കാവുന്ന സൗരതാപോർജ്ജം പോലെയുള്ള ഊർജ്ജരൂപങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും ഊർജ്ജക്ഷമതയേറിയതരത്തിലുള്ള ഉപകരണങ്ങൾ (സി.എഫ്.എൽ) (ഇലക്ട്രോണിക് ചോക്ക്) പ്രചരിപ്പിച്ചുകൊണ്ടും, എനർജി ആഡിറ്റിംഗ് നടത്തികൊണ്ടുമുള്ള അനർട്ടിന്റെ പരിപാടികൾ വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്.

(സി) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 10000 സോളാർ വിളക്കുകളും 1000 ഗാർഹിക വിളക്കുകളും 130 തെരുവ് വിളക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) വൈദ്യുതിയുടെ ഗാർഹിക ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വിവിധ ഇനങ്ങളിലായി 4 ലക്ഷം സി.എഫ്.എൽ. വിതരണം ചെയ്യുന്നതിന് നടപടികൾ പുരോഗമിക്കുന്നുണ്ട്.

(ഇ) ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് വിജയിച്ചിട്ടില്ല.

(എഫ്) ഇത്തരത്തിലുള്ള പരിപാടികൾ നിലവിൽ അനർട്ട് നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്ത് ഐ.ടി. പ്രൊഫഷണലുകൾ സൃഷ്ടിക്കപ്പെടുന്ന നടപടി

47 (980) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് പ്രതിവർഷം എത്ര ഐ. ടി. പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നുണ്ട് ;

(ബി) 2005-ഓടുകൂടി സംസ്ഥാനത്ത് എത്ര ഐ.ടി. പ്രൊഫഷണലുകളെ ആവശ്യമായിവരുമെന്ന് പറയുമോ ;

(സി) ആ കാലത്ത് ദേശീയവും അന്തർദേശീയവുമായ അടിസ്ഥാനത്തിൽ എത്ര ഐ. ടി. പ്രൊഫഷണലുകളെ സംസ്ഥാനത്തിന് സംഭാവന നൽകുവാൻ കഴിയണമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ ഉദ്ദേശത്തോടുകൂടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ എൻജിനീയറിങ്ങ് കോളേജുകളിലായി ഐ.റ്റി.യും അനുബന്ധ കോഴ്സുകളായ കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് തുടങ്ങിയവയിലുമായി 2615 പേരെയും വിവിധ പോളിടെക്നിക്കുകളിലായി 5010 പേരേയും പ്രതിവർഷം ഐ.റ്റി. പ്രൊഫഷണലുകളായി വാർത്തെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly